**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6253** **10-07-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കേന്ദ്രമൃഗശാല അതോറിറ്റിയുടെ 21/11/1996 ലെ യോഗത്തിൽ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം ലയൺ സഫാരി പാർക്കിന് കുറഞ്ഞത് 20 ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നെയ്യാർ ലയൺ സഫാരി പാർക്ക് പ്രവർത്തിച്ചിരുന്നത് നാല് ഹെക്ടർ മാത്രമുള്ള സ്ഥലത്തായതിനാൽ ടി പാർക്കിന്റെ അംഗീകാരം കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് സെക്രട്ടറിയുടെ 22/06/2022 ലെ 261/2019-CZA(pt) നമ്പർ ഉത്തരവ് പ്രകാരം അന്തിമമായി റദ്ദ് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ടി പാർക്ക് നിലവിൽ പ്രവർത്തനരഹിതമാണ്. തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ 26/09/2023 ന് തിരുവനന്തപുരം ജില്ലയിൽ നടന്ന മേഖലാവലോകന യോഗത്തിൽ നെയ്യാർ ലയൺ സഫാരി പാർക്ക് നെയ്യാർ വന്യജീവിസങ്കേതത്തിന്റെ സമീപ സ്ഥലമായ നെട്ടുകാൽത്തേരി തുറന്ന ജയിൽ വളപ്പിലുള്ള 20 ഹെക്ടർ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ജയിൽ വളപ്പിൽ നിന്നും 20 ഹെക്ടർ സ്ഥലം വനംവകുപ്പിന് കൈമാറുന്നതിനും ടി സ്ഥലത്തേക്ക് നെയ്യാർ ലയൺ സഫാരി പാർക്ക് മാറ്റി സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് . ആയത് പ്രകാരം അനുയോജ്യമായ 20 ഹെക്ടർ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | അടുത്തിടെ പാർലമെന്റ് പാസാക്കിയ വനസംരക്ഷണ ഭേദഗതി ബില്ലിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടുത്തി നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് വിപുലീകരിക്കാൻ കഴിയുമോ എന്ന വിവരം ലഭ്യമാക്കുമോ? | (ബി) | വനസംരക്ഷണ ഭേദഗതി 2023 ആക്ട് പാർലമെന്റ് പാസാക്കി കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഗസറ്റ് നം. 18 ആയി 04/08/2023 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഭേദഗതി നിയമത്തിന്റെ സെക്ഷൻ 5 സബ് സെക്ഷൻ II (vi) പ്രകാരം മൃഗശാല, സഫാരി പാർക്കുകൾ എന്നിവ സംരക്ഷിത വനമേഖലയിൽ പെടാത്ത വനമേഖലയിൽ ആരംഭിക്കുന്നതിനാണ് വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളതായി കാണുന്നത്. ആയതിനാൽ നെയ്യാർ വന്യജീവിസങ്കേതത്തിനുള്ളിൽ ലയൺ സഫാരി പാർക്ക് വിപുലീകരിക്കുന്നതിന് പ്രസ്തുത ആക്ടിന്റെ ഭേദഗതി പ്രകാരം സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ